YEARS OF CELEBRATING THE MAHATMA

विद्यया अमृतमश्नुते

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പിഎച്ച്.ഡി. പ്രോഗ്രാം - 2021 അഡ്മിഷൻ - എം.ഫിൽ. പാസ്സായ വിദ്യാർത്ഥികളെ ഡോക്ടറൽ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുന്നതിന് അനുവദിച്ച് ഡോക്ടറൽ ഇന്റർവ്യൂ നടത്തുന്നതിന് ബന്ധപ്പെട്ട സ്കൂൾ / പഠന വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 10 സെക്ഷൻ**

നമ്പർ. 2761/AC A 10/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.03.2022

---

*പരാമർശം:*-1. 2021 വർഷത്തെ പിഎച്ച്.ഡി. രജിസ്ട്രേഷനുവേണ്ടിയുള്ള 30.06.2021, 23.07.2021എന്നീ തീയതികളിലെ Ac AX/Gen./Ph.D. Regn./N&A/2021നമ്പർ വിജ്ഞാപനം.

2. ബഹു. വൈസ്-ചാൻസലറുടെ ചുമതലയുള്ള പ്രൊ - വൈസ് - ചാൻസലറുടെ 16.03.2022 ലെ ഉത്തരവ്.

**ഉത്തരവ്**

2021 വർഷത്തെ പി എച്ച് ഡി പ്രവേശനത്തിനായുള്ള പരാമർശം (1) വിജ്ഞാപന പ്രകാരം, കോഴ്സ് കാലാവധി പൂർത്തിയാക്കി, ഡെസേർട്ടഷൻ, വൈവ എന്നിവയുടെ ഫല പ്രഖ്യാപനത്തിനു കാത്തിരിക്കുന്ന എം ഫിൽ വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കുന്നതിന് അനുവാദം നൽകിയിരുന്നു.

സർവ്വകലാശാല പഠന വകുപ്പുകളിൽ 2019-2020 ബാച്ചിൽ എം ഫിൽ കോഴ്സ് പൂർത്തിയാക്കി പരീക്ഷ വിജയിച്ച ആകെ വിദ്യാർത്ഥികളുടെ വകുപ്പ് തിരിച്ചുള്ള ലിസ്റ്റ് അതാത് സെന്ററുകളിൽ നിന്നും സമർപ്പിച്ചത് ചുവടെ ചേർക്കുന്നു;

| Sl. No. | Department / School | Number of Students Passed (M. Phil.) |
|---|---|---|
| 1 | School of Pure and Applied Physics | 10 |
| 2 | School of International Relations and Politics | 6 |
| 3 | School of Chemical Sciences | 8 |
| 4 | School of Environmental Sciences | 7 |
| 5 | School of Bio-sciences | 7 |
| 6 | School of Letters | 12 |
| 7 | School of Behavioural Sciences | 02 |
| 8 | School of Management and Business Studies | 16 |

Draft #5 of File 177446/AC A10-4/2021/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Mar-2022 11:33 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ പട്ടിക പരിഗണിച്ച്, ടി വിദ്യാർത്ഥികളെക്കൂടി 2021 വർഷത്തെ പിഎച്ച്.ഡി. പ്രവേശനത്തിനുള്ള ഡോക്ടറൽ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുന്നതിനും ഇന്റർവ്യൂവിൽ തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുന്നത് അടക്കമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിൻ പ്രകാരം മേൽ പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ 2021 വർഷത്തെ പിഎച്ച്.ഡി. പ്രവേശനത്തിനുള്ള ഡോക്ടറൽ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുന്നതിനും, തിരഞ്ഞെടുക്കപ്പെടുന്ന പക്ഷം അപേക്ഷ / ഫീസ് എന്നിവ സ്വീകരിച്ച്, വിജ്ഞാപനത്തിലെ യോഗ്യതകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ച്, വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളിലെ ന്യൂനതകൾ പരിഹരിച്ച് രജിസ്ട്രേഷൻ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിനും, അതാത് സർവകലാശാല പഠന വകുപ്പ് / സ്കൂൾ മേധാവികളെ ചുമതലപ്പെടുത്തുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സർവകലാശാല പഠനവകുപ്പ് / സ്കൂൾ മേധാവികൾക്കും.
2. വൈസ്-ചാൻസലറുടെ / പ്രോ-വൈസ്-ചാൻസലറുടെ പി. എസ്. മാർ
3. രജിസ്ട്രാറുടെ /പരീക്ഷാ കൺട്രോളറുടെ പി. എ. മാർ
4. ഡയറക്ടർ, IQAC / റിസേർച്ച് ഡയറക്ടർ
5. JR II (Admn), DR I (Acad), AR XXI (Exams)
6. Ac A II, Ac A XI, Ac A XIII, EB X, EB XIV സെക്ഷനുകൾ
7. IQAC / കണ്ടന്റ് മാനേജ്മെന്റ് / റെക്കോർഡ്സ് സെക്ഷൻ
8. സ്റ്റോക്ക് ഫയൽ / ഫയൽ നം. 177446/AC A10-4/2021/AC A10

Draft #5 of File 177446/AC A10-4/2021/AC A 10 Approved by ASSISTANT REGISTRAR IV (ACADEMIC) on 18-Mar-2022 11:33 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം